Madhyamam 31.12.17

# കർഷകരെ കാർഷിക സംരംഭകരാക്കും –മന്ത്രി

**മണ്ണുത്തി:** വേണ്ടത്ര പ്രയോജന പ്പെടുത്താത്ത കാർഷിക വിളക ളെ പ്രയോജനപ്പെടുത്തിയും മൂ ല്യ വർധിത ഉൽപാദനം കൂട്ടിയും കർഷകരുടെയും യുവജനങ്ങളു ടെയും വരുമാനം വർധിപ്പിക്കുമെ ന്നും ഇതിലൂടെ കർഷകരെ കാർ ഷിക സംരംഭകരാക്കുമെന്നും മ ന്ത്രി വി.എസ്. സുനിൽകുമാർ പ റഞ്ഞു. 'വൈഗ 2017'ൻെറ ഭാഗ മായി സംഘടിപ്പിച്ച യുവ കർഷക സംരഭകത്വ ശിൽപശാലയിൽ സം സാരിക്കുകയായിരുന്നു മന്ത്രി. കർ ഷകർക്ക് അധിക വരുമാനത്തോ ടൊപ്പം സുരക്ഷിതവും ആരോഗ്യ കരവുമായ ഭക്ഷണം ഉറപ്പാക്കാ ൻ ജൈവ കാർഷിക വിളകൾ പ്ര യോജനപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു.

ശിൽപശാലയിൽ സംസ്ഥാന ത്തെ യുവ സംരംഭകരുടെ വൻ സാന്നിധ്യമുണ്ടായി. മൂല്യവർധ നക്ക് അനുയോജ്യമായ സാങ്കേതി ക വിദ്യ, പാക്കിങ്, വിപണനം തുട ങ്ങി കാർഷിക സംരംഭകത്വം നേ രിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ് തു. പ്രൈസ് ബോർഡ് ചെയർമാ ൻ ഡോ. പി. രാജശേഖരൻ അധ്യ ക്ഷത വഹിച്ചു.

സ്റ്റാർട്ടപ്പ് മിഷൻ പ്രോജക്ട് ഡയറക്ടർ ടോം തോമസ്, കാ ർഷിക സംരംഭകത്വ ഇൻകുബേ ഷൻ സെൻററിലെ ഡോ. കെ.പി. സുധീർ, കേന്ദ്ര കിഴങ്ങ് ഗവേഷ ണകേന്ദ്രം ശാസ്ത്രജ്ഞൻ ഡോ. എം.എസ്. സജീവ്, കേന്ദ്ര തോ ട്ട വിള ഗവേഷണ കേന്ദ്രം ശാസ് ത്രജ്ഞൻ ഡോ. എം.ആർ. മണി കണ്ഠൻ, കേന്ദ്ര സുഗന്ധവിള ഗ വേഷണ കേന്ദ്രത്തിലെ ശാസ് ത്രജ്ഞ ഡോ. ഇ. ജയശ്രീ, പാല ക്കാട് കാർഷിക വിജ്ഞാന കേ ന്ദ്രത്തിലെ ഡോ. കെ.എം. സുനി ൽ എന്നിവർ ശിൽപശാലക്ക് നേ തൃത്വം നൽകി.

വൈഗയുടെ സമാപന സമ്മേ ളനം ഞായറാഴ്ച വൈകീട്ട് നി യമസഭ സ്പീക്കർ പി. ശ്രീരാമകൃ ഷ്ണൻ ഉദ്ഘാടനം ചെയ്യും. മ ന്ത്രി വി.എസ്. സുനിൽകുമാർ അ ധ്യക്ഷത വഹിക്കും. മന്ത്രി എ.സി. മൊയ്തീൻ, സി.എൻ. ജയദേവൻ എം.പി, കെ. രാജൻ എം.എൽ.എ എന്നിവർ പങ്കെടുക്കും.